(ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ;

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അംഗനവാടികളുണ്ടെന്നും അവയ്ക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി

21 [1338] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ടി. എൻ. പ്രതാപൻ:*
,, *കെ. സുധാകരൻ:*
,, *ജോർജ്ജ് ജെ. മാത്യു:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് ഹോം റേഷൻ പദ്ധതി ഇപ്പോൾ ഏതെല്ലാം ബ്ലോക്കുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) എത്ര വയസ്സുവരെയുള്ളവരെ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനമൊട്ടുക്കും ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാമനപുരം, അങ്കമാലി, ബാലുശ്ശേരി എന്നീ മൂന്നു ബ്ലോക്കുകളിലാണ് ടേക്ക് ഹോം റേഷൻ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ളത്.

(ബി) ആറുമാസം മുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(സി) ഉണ്ട്.

GPM. 2/567/2012—7

LIBRARY ARCHIVES Kerala Legislative Assembly